പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3128 13.07.2015-ൽ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. നടത്തുന്ന വിവിധ സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ :<br>" അബ്ദുറഹിമാൻ രണ്ടത്താണി :<br>" പി.ബി. അബ്ദുൾ റസാക് :<br>" കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. നടത്തുന്ന വിവിധ സർവ്വീസുകൾ (ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ്) ഓരോ വിഭാഗത്തിലെയും ബസ്സൊന്നിനുള്ള പ്രതിമാസ ശരാശരി വരുമാനം കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | പ്രതിമാസ ശരാശരി വരുമാനം ചുവടെ ചേർക്കുന്നു.<br>ഓർഡിനറി - 2,92,423/- രൂപ<br>ഫാസ്റ്റ് പാസഞ്ചർ - 6,79,055/- രൂപ<br>സൂപ്പർ ഫാസ്റ്റ് - 7,59,717/- രൂപ<br>സൂപ്പർ എക്സ്പ്രസ്സ് - 9,03,805/- രൂപ<br>സൂപ്പർ ഡീലക്സ് - 10,14,103/- രൂപ |
| (ബി) | ശരാശരി വരുമാനത്തിലെ ഏറ്റക്കുറച്ചിലും യാത്രാനിരക്കിലെ വ്യത്യാസവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദ വിവരം നൽകാമോ ; | (ബി) | ഉണ്ട്.<br>നിലവിലുള്ള യാത്രാനിരക്ക് പ്രകാരം ലഭ്യമാകുന്ന വരുമാനവും ചിലവും തമ്മിൽ വലിയ അന്തരമാണുള്ളത്. എന്നാൽ നിലവിലെ സാഹചര്യത്തിൽ യാത്രാനിരക്ക് വർദ്ധന പ്രായോഗികമല്ല. ആയതിനാൽ സർവ്വീസ് കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനും ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (സി) | പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്ന എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ് സർവ്വീസുകളെത്രയെന്നും പ്രതിദിന ശരാശരി വരുമാനം എത്രയെന്നും അറിയിക്കുമോ ? | (സി) | പ്രതിദിനം ശരാശരി 50 സൂപ്പർ എക്സ്പ്രസ് സർവ്വീസുകളും, ശരാശരി 24 ഡീലക്സ് സർവ്വീസുകളും ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. എക്സ്പ്രസ് എന്ന രീതിയിൽ ഒരു ഇനം സർവ്വീസ് ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ